**മധുരമായ കുട്ടികളെ - സദാ ഈ ആത്മീയ ലഹരിയിലിരിക്കൂ, ബാബ നമ്മേ തിരിച്ച് കൂട്ടികൊണ്ട് പോകുന്നതിന് വേണ്ടി വന്നിരിക്കുകയാണ്, ഇപ്പോൾ എല്ലാവർക്കും തിരിച്ച് പോകണം.**

**ചോദ്യം** - ഈ സമയം നിങ്ങൾ കുട്ടികൾ ഏറ്റവും വലിയതിലും വെച്ച് വലിയ ഏതൊരു പുണ്യമാണ് ചെയ്യുന്നത്?
**ഉത്തരം** - തന്റേതായ എല്ലാം ശിവബാബയുടെ മുന്നിൽ സമർപ്പണം ചെയ്യുക - ഇതാണ് ഏറ്റവും വലിയ പുണ്യം. സറണ്ടർ ചെയ്ത് പൂർണ്ണമായ ശ്രീമതത്തിലൂടെ നടക്കുന്നതിലൂടെ വളരെ ഉയർന്ന പദവി ലഭിക്കുന്നു.

**ചോദ്യം** - ഏതൊരു പുതിയ കാര്യമാണ് മനുഷ്യരുടെ ബുദ്ധിയിലിരിക്കാൻ വളരെ പ്രയാസം?
**ഉത്തരം** - നിരാകാരനായ ശിവബാബ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ചിരിക്കുന്നു, ബാബ തന്നെയാണ് ഏറ്റവും വലിയതിലും വെച്ച് വലിയ വ്യക്തി, അവരുടെ തന്നെയാണ് ഉയർന്നതിലും ഉയർന്ന പാർട്ട്, ഈ പുതിയ കാര്യം മനുഷ്യരുടെ ബുദ്ധിയിൽ വളരെ ബുദ്ധിമുട്ടിയാണിരിക്കുന്നത്.

**ഗീതം** - ഇത് ആരാണ് ഇന്ന് അതിരാവിലെ വന്നിരിക്കുന്നത്.......

**ഓം ശാന്തി**. ശിവബാബയിരുന്ന് തന്റെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുകയാണ് - കുട്ടികളാണെങ്കിലോ മനസ്സിലാക്കി ശിവബാബ നിരാകാരനാണ് അതുപോലെ നമ്മൾ ആത്മാക്കളും നിരാകാരമാണെന്ന്. അവർക്ക് തന്നെയാണിരുന്ന് മനസ്സിലാക്കി കൊടുക്കുന്നത്. ഈ യുക്തി കേവലം ഒരേയൊരു ബാബക്കാണുള്ളത്. ബാബയിരുന്ന് മനസ്സിലാക്കി തരികയാണ്, ഭഗവാൻ ആരോടാപ്പമാണ് സംസാരിക്കുന്നത്? തന്റെ കുട്ടികൾ, ആത്മാക്കളോടൊപ്പം. കുട്ടികൾക്കുമറിയാം ബാബക്കുമറിയാം. ആത്മാവിന് ശരീരമില്ലാതെ ഒന്നും കേൾക്കാൻ സാധിക്കില്ല. ശരീരത്തിലൂടെ തന്നെയാണ് കേൾക്കുന്നത്. ഇത് ഒരേയൊരു സത്സംഗമാണ് ഇതിൽ പരംപിതാ പരമാത്മാവിരുന്ന് മനസ്സിലാക്കി കൊടുക്കുന്നു ബാക്കി ഏതെല്ലാം ആത്മാക്കളുണ്ടോ, അവരെല്ലാവരെയും ഇപ്പോൾ കൂടെ കൂട്ടികൊണ്ട് പോകണം എന്തുകൊണ്ടെന്നാൽ ഡ്രാമയുടെ ചക്രം ഇപ്പോൾ പൂർത്തിയാവുകയാണ്. ഇത് മുഴുവൻ ഭാരതവാസികളുടെയും കാര്യമാണ്. ബാബ വരുന്നത് ഭാരതത്തിലാണ് ഭാരതവാസികളോട് തന്നെയാണ് പറയുന്നത് - കുട്ടികളെ നിങ്ങൾ ഏറ്റവും കൂടുതൽ പാർട്ടഭിനയിച്ചിട്ടുണ്ട്. നിങ്ങൾ തന്നെയായിരുന്നു സത്യയുഗത്തിലെ ദേവീ-ദേവതകൾ. ഇപ്പോൾ ശൂദ്രരായിരിക്കുകയാണ്. വീണ്ടും നിങ്ങളെ പഠിപ്പിച്ച് ദേവീ-ദേവതകളാക്കി മാറ്റുന്നു, മറ്റുള്ളവരെ എങ്ങനെ പഠിപ്പിക്കും. ഗീതയും ഭാരതത്തിന്റേത് തന്നെയാണ്. ഓരോരുത്തർക്കും അവരവരുടെ പുസ്തകങ്ങളുണ്ട്. വേറെ ഏതെല്ലാം ധർമ്മ പിതാക്കന്മാർ വന്നിട്ടുണ്ടോ, അവരെല്ലാം മനുഷ്യരാണ്. അവർക്ക് അവരവരുടെ ശരീരമുണ്ട്. ഇതാണ് എല്ലാ ആത്മാക്കളുടെയും നിരാകാരനായ അച്ഛൻ, ആരാണോ നോളേജ് ഫുൾ, ഡ്രാമയുടെ ആദി മധ്യ അന്ത്യത്തെ അറിയുന്നത്. ബാബക്ക് പഠിപ്പിക്കേണ്ടതും നിങ്ങൾ കുട്ടികളെ തന്നെയാണ് എന്തുകൊണ്ടെന്നാൽ നിങ്ങൾ തന്നെയാണ് വീണ്ടും ചക്രവർത്തി രാജാവാകേണ്ടവർ. എല്ലാവരുമൊന്നും മനുഷ്യനിൽ നിന്ന് ദേവതയായി മാറുകയില്ല. ആരെല്ലാമാണോ ആദ്യം ദേവീ-ദേവതാ ധർമ്മത്തിലുള്ളവർ അവരുടെ തന്നെ തൈ വീണ്ടും നടും, എപ്പോൾ ദേവീ-ദേവതാ ധർമ്മത്തിന്റെ പൂർണ്ണമായ സ്ഥാപനയുണ്ടാകുന്നുവോ അപ്പോൾ പിന്നീട് മറ്റെല്ലാം മഠങ്ങളും ആശ്രമങ്ങളും വിനാശമാകും. എല്ലാ ആത്മാക്കളെയും ബാബ തിരിച്ച് കൂട്ടികൊണ്ട് പോകും. ബാബ വരുന്നത് തന്നെ പതിത ലോകത്തിലാണ്, വന്ന് എല്ലാവരെയും തിരിച്ച് കൂട്ടികൊണ്ട് പോകാൻ. കുട്ടികൾക്കറിയാം ഏത് സഹജ രാജയോഗമാണോ നമ്മൾ കല്പം മുമ്പ് പഠിച്ചത് അത് ഇപ്പോൾ വീണ്ടും പഠിച്ചുകൊണ്ടിരിക്കുകയാണ്.

വിനാശം അടുത്ത് വരുമ്പോൾ എല്ലാവരുടെയും കണ്ണ് തുറക്കും. ഇപ്പോഴാണെങ്കിൽ കേവലം നിങ്ങൾക്ക് മാത്രമാണ് നിശ്ചയമുള്ളത് ഈ ശരീരത്തിൽ പരംപിതാ പരമാത്മാവിന്റെ പ്രവേശനമുണ്ടാകുന്നുവെന്ന്. പാടുന്നുമുണ്ട് ഗൈഡ് അഥവാ ലിബറേറ്റർ വരും - അവർ എല്ലാവരെയും ലിബറേറ്റ് ചെയ്ത് കൂടെ കൂട്ടി കൊണ്ട് പോകും. ഇത് ആരാണോ ബ്രഹ്മാവ് - അദ്ദേഹത്തിൽ പരംപിതാ പരമാത്മാവ് പ്രവേശിച്ചിരിക്കുന്നു. ഇദ്ദേഹം എത്ര വലുതിലും വെച്ച് വലിയ വ്യക്തിയാണ്. നിങ്ങൾ കുട്ടികൾക്ക് ഇത്രയും ആത്മീയ ലഹരിയിലിരിക്കണം ബാബ നമ്മേ കൂട്ടികൊണ്ട് പോകാൻ വന്നിരിക്കുകയാണ്. പറയുന്നു എന്നെ ഓർമ്മിക്കൂ. ആ ആദരവോടെ ചിലർ വളരെ പ്രയാസപ്പെട്ടാണ് കാണുന്നത്. ഭഗവാന് എത്ര മഹിമയാണ്. ഭഗവാനാണ്

സർവ്വ ശക്തിവാൻ, വേറെ ആർക്കും ഇത്രയും മഹിമയില്ല. ഇത്രയും ആദരവ് നിങ്ങൾ കുട്ടികൾ കൊടുക്കണം. നിങ്ങൾ കൂട്ടായ്മയിലിരിക്കുമ്പോൾ നല്ല രീതിയിൽ ഓർമ്മയുണ്ടാകുന്നു പിന്നീട് അവിടെയുമിവിടെയും പോകുമ്പോൾ ആ ഓർമ്മ നിൽക്കുക പ്രയാസമാണ്. ഇടക്കിടക്ക് സ്വയം ദേഹീ അഭിമാനിയാണെന്ന് മനസ്സിലാക്കൂ അപ്പോൾ ബാബയെ ഓർമ്മിക്കാൻ കഴിയും. അങ്ങനെയുള്ള ബാബയുമായി വളരെ ആദരവോടു കൂടി പെരുമാറണം. പക്ഷെ ബാബ സാധാരണമായത് കാരണം ആ ആദരവ് വെക്കുന്നില്ല. മനസ്സിലാക്കുന്നുമുണ്ട് ബാബ കാലന്റെയും കാലനാണ്, ഈ ശിവബാബ, ആരെയാണോ നിങ്ങൾ ബാപ്ദാദ എന്ന് പറയുന്നത് ഇവർ എല്ലാവരെയും കൂടെ കൂട്ടികൊണ്ട് പോകും. ബാബക്ക് ഉയർന്നതിലും ഉയർന്ന പാർട്ട് ലഭിച്ചിരിക്കുകയാണ്, ആരെയാണോ മുഴുവൻ ലോകവും ഓർമ്മിക്കുന്നത്. ആത്മാവ് എന്ത് വസ്തുവാണ്, ഇത് വേറെയാർക്കും പറയാൻ കഴിയുകയില്ല. ലിംഗമെന്ന് പറയുന്നു. പൂജയാണെങ്കിൽ ശിവലിംഗത്തിനാണുണ്ടാവുന്നത്. നമ്മളും എഴുതുന്നു ജ്യോതിർലിംഗം. പക്ഷെ വാസ്തവത്തിൽ ഇത്ര വലുതൊന്നുമല്ല. ഇതാണെങ്കിൽ നക്ഷത്ര സമാനമാണ്. ഇതിൽ തന്നെയാണ് മുഴുവൻ പാർട്ടും അടങ്ങിയിരിക്കുന്നത്. ഇതും ആരുടെ ബുദ്ധിയിലും വരുകയില്ല. എപ്പോൾ കേൾക്കുന്നുവോ ആത്മാവ് സ്റ്റാറാണ്, പരമാത്മാവും സ്റ്റാറാണ് അപ്പോൾ അത്ഭുതപ്പെടും എത്ര വലിയ ശക്തിവാനാണ് ഇതിൽ പ്രവേശിക്കുന്നത് ആരാണോ പൂർണ്ണമായും 84 ജന്മമെടുക്കുന്നത്, അതിലിരുന്ന് മുഴുവൻ ജ്ഞാനവും നൽകുന്നു നിങ്ങൾ ആത്മാവാണ്. ഇപ്പോൾ നിങ്ങളുടെ 84 ജന്മം പൂർത്തിയായിരിക്കുകയാണ്. ഇപ്പോൾ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും.

ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ വരുന്നുണ്ട് ആത്മാവ് എത്ര ചെറിയ ബിന്ദുവാണെന്ന്. അതിൽ 84 ജന്മങ്ങളുടെ പാർട്ടുണ്ട് അത് അതിന്റെ സമയത്ത് ആവർത്തിക്കുക തന്നെ ചെയ്യുന്നു. പക്ഷെ ശിവബാബയുടേത് ഏറ്റവും ഉയർന്നതിലും ഉയർന്ന പാർട്ടാണ്, ഡ്രാമയിൽ രാജാവിനും റാണിക്കും ഉയർന്ന പാർട്ട് ലഭിക്കാറുണ്ടല്ലോ. ഇതും ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ് ഏതാണോ ആവർത്തിച്ചു കൊണ്ടിരിക്കുന്നത് നിങ്ങൾ കുട്ടികൾക്ക് ഇതും അറിയാം ഉയർന്നതിലും ഉയർന്ന ബാബക്ക് ഉയർന്നതിലും ഉയർന്ന പാർട്ടാണ് ലഭിച്ചിട്ടുള്ളത്. നിങ്ങളുടെയും ബുദ്ധിയിൽ മുഴുവൻ പരിധിയില്ലാത്ത ഡ്രാമയുമുണ്ട്. ബാബ പരമാത്മാവ് എങ്ങനെയാണ് സാധാരണ ശരീരത്തിൽ പ്രവേശിക്കുന്നത്. ശാസ്ത്രങ്ങളിലാണെങ്കിലോ അർജ്ജുനന്റെ രഥം കുതിര വണ്ടിയാക്കിയിരിക്കുന്നു. രഥത്തിന്റെ അർത്ഥം എത്ര വലുതാണ്. ഇതാണ് അവരുടെ രഥം. പരംപിതാ പരമാത്മാവ് സ്വയം പറയുന്നു ഞാൻ ഇതിൽ പ്രവേശിച്ച് നിങ്ങൾക്ക് മുഴുവൻ കാര്യങ്ങളും മനസ്സിലാക്കി തരുന്നു. ഈ ജ്ഞാനത്തിന്റെ കാര്യം ഒരു ശാസ്ത്രങ്ങളിലുമില്ല. ശിവബാബ ബ്രഹ്മാവിന്റെ ശരീരത്തിൽ പ്രവേശിച്ചിരിക്കുന്നു. ഇത് തികച്ചും പുതിയ കാര്യമായതു കാരണം ആരുടെയും ബുദ്ധിയിലിരിക്കുന്നില്ല. ഇപ്പോൾ ബാബ പറയുന്നു കുട്ടികളെ ദേഹീ അഭിമാനിയാകൂ. ഇപ്പോൾ നിങ്ങളെ പരംപിതാ പരമാത്മാവ് പഠിപ്പിക്കുകയാണ്, അവരെ തന്നെ ഓർമ്മിക്കണം, അവർ ഈ ശരീരത്തിൽ ഇരിക്കുകയാണ്. ഇവരെ നിങ്ങൾ ദാദ(മുത്തച്ഛൻ) എന്ന് പറഞ്ഞിരുന്നു. ഈ ബാപ്ദാദ രണ്ടു പേരും കമ്പയ്ന്റാണ്. നിങ്ങൾ ബാപ്ദാദയെന്ന് പറഞ്ഞ് വിളിക്കുന്നുണ്ടല്ലോ. ആദ്യം ബാബ പിന്നെ ദാദ. പിന്നീട് ഇത് നിങ്ങളുടെ അമ്മയുമാണ്. ഈ ഗുഹ്യമായ കാര്യങ്ങൾ മനസ്സിലാക്കി തരുകയാണ്. ഇതാണ് ബ്രഹ്മ പുത്ര നദി. ഇത് സാഗരമല്ല. വലുതിലും വലിയ നദിയെന്ന് ഇതിനെ പറയും. പിന്നീടാണ് സരസ്വതി. നിങ്ങൾ ജ്ഞാന സാഗരത്തിൽ നിന്നും ഉത്ഭവിക്കുന്ന ജ്ഞാന ഗംഗകളാണ്. അവർ പിന്നെ ആ ചിത്രം ഉണ്ടാക്കിയിരിക്കുകയാണ്. ബ്രഹ്മപുത്ര എവിടെ നിന്നാണ് ഉത്ഭവിച്ചത്, ഇത് അവർക്ക് എന്തറിയാനാണ്. പിന്നീട് സിന്ധു സരസ്വതിയുടെയും പേരുണ്ട്. കുറച്ചെന്തെല്ലാമോ ശാസ്ത്രങ്ങളിലുണ്ട്. ആത്മാവ് തന്നെയാണ് പാവനം, ആത്മാവ് തന്നെയാണ് പതിതമായി മാറുന്നത്. ശരീരത്തിനെയല്ല പറയുന്നത്, ആത്മാവിനെയാണ് പറയുന്നത്. ഈ സമയം എല്ലാവരും പ്രായേണ പതിതമാണ്. ആരുടെയും ശരീരം പവിത്രമല്ല. എല്ലാവരും പാപാത്മാക്കളാണ്. ഏറ്റവും കൂടുതൽ പുണ്യാത്മാവായി മാറുന്നത് നിങ്ങളാണ്. എല്ലാം ശിവബാബക്ക് സമർപ്പിച്ചിരിക്കുകയാണ്. ഇങ്ങനെ ഓരോ ഓരോ വസ്തുക്കളും സറണ്ടർ ചെയ്യിക്കുന്ന ഒരുപാട് പേരുണ്ട്. ലോഭത്തെ സമർപ്പിക്കൂ, ഇന്ന വസ്തു ഉപേക്ഷിക്കൂ. ഇവിടെ നിങ്ങൾ എപ്പോൾ ബാബയുടെതായി മാറിയോ, അപ്പോൾ എല്ലാം ബാബക്ക് സമർപ്പിച്ചിരിക്കുകയാണ്. ബാബ പിന്നീട് പ്രതിഫലം തരുന്നു. ആര് എത്ര ശ്രീമതത്തിലൂടെ നടക്കുന്നുവോ, സമർപ്പിക്കുന്നുവോ അത്രയും അവർക്ക് പദവി ലഭിക്കുന്നു. മുഖ്യമാണ് ശിവബാബയെ ഓർമ്മിക്കുക. ശിവബാബ ഇവിടെ പഠിപ്പിക്കാൻ വന്നിരിക്കുകയാണ്. മുഴുവൻ ദിവസവും ഇതിൽ ഇരിക്കുന്നില്ല. സെക്കന്റിന്റെ കാര്യമാണ്. നിങ്ങൾ ഓർമ്മിക്കൂ അപ്പോൾ വരും. നിങ്ങൾ മനസ്സിലാക്കും ശിവബാബ സദാ ഇവിടെയാണ്, പക്ഷെ ഇത് സ്വയം തന്നെ മറന്നു പോവുകയാണ്. ഈ സമയം ബാബ സ്വയം പറയുന്നു ഞാൻ എല്ലാവരെയും കൂട്ടികൊണ്ട് പോകാൻ വന്നിരിക്കുകയാണ്. വിവേകവും പറയുന്നു വിനാശമാണെങ്കിൽ തീർച്ചയായും ഉണ്ടാവണം. ഇപ്പോൾ ഒരുപാട് മനുഷ്യരായി. വിനാശത്തിന്റെ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇതും

നിങ്ങൾക്കേ അറിയൂ. ബാക്കി കേവലം പറയുന്നു വിനാശമുണ്ടാകും പക്ഷെ അതിന് ശേഷം എന്ത് സംഭവിക്കും, ഇതറിയുകയില്ല. നിങ്ങളിലും നമ്പർവൈസായാണറിയുന്നത് ബാബ വന്നിരിക്കുന്നു, രാജധാനി സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. നമ്മളും ബാബയോടൊപ്പം സഹായികളാണ്. മുള്ളുകളെ പുഷ്പമാക്കി മാറ്റികൊണ്ടിരിക്കുകയാണ്. ഭക്തിമാർഗ്ഗത്തിലുള്ളവർക്കാണെങ്കിൽ ബാബയെ അറിയുക പോലുമില്ല. അഥവാ പറയുകയാണ്, ശാസ്ത്രം പഠിക്കുന്നതിലൂടെ പരമാത്മാവിനെ കാണുന്നതിനുള്ള വഴി ലഭിക്കുന്നു, എങ്കിൽ എത്തിച്ചേരണമല്ലോ. പക്ഷെ ബാബ പറയുകയാണ് ആരും തന്നെ തിരിച്ച് പരംധാമത്തിൽ എത്തി ച്ചേർന്നിട്ടേയില്ല. പലരും മനസ്സിലാക്കുന്നു പുതിയ ലോകം പിന്നീട് പുതിയത് ഉണ്ടാകും. ലോകത്ത് അനേകം അഭിപ്രായ വ്യത്യാസങ്ങളാണ്. ബാബ പറയുന്നു ഇതെല്ലാം അസത്യമാണ്. സത്യം പറയുന്നത് ഒരേയൊരു ബാബ മാത്രമാണ്. പറയുന്നു സത്യ ശ്രീ അകാല മൂർത്ത്. എല്ലാ ആത്മാക്കളും അകാല മൂർത്തിയാണ്. അതിനാൽ സത്യ- ശ്രീ- അകാൽ ഒന്ന് മാത്രമാണ്. ബാക്കി എല്ലാം അസത്യം അർത്ഥം കള്ളമാണ്. സത്യം എന്നത് ജ്ഞാനത്തിന്റെ കാര്യങ്ങളെയാണ് പറയുന്നത്. ഈശ്വരനെ കുറിച്ച് ഏതെല്ലാം ജ്ഞാനം നൽകുന്നുണ്ടോ അതെല്ലാം അസത്യമാണ്. ഈശ്വരീയ ജ്ഞാനം ഒരേയൊരു ഈശ്വരനാണ് വന്ന് നൽകുന്നത്. നിങ്ങൾ കുട്ടികൾക്ക് ഓർമ്മ വെക്കണം ഈ ഡ്രാമ പൂർത്തിയാവുകയാണ്, ഇപ്പോൾ നമുക്ക് തിരിച്ച് പോകണം. എങ്ങനെയാണോ നാടകത്തിന്റെ അവസാനമാകുമ്പോൾ എല്ലാ അഭിനേതാക്കളും മനസ്സിലാക്കുന്നത് ഇപ്പോൾ നാടകം പൂർത്തിയാകും നമ്മളെല്ലാം വീട്ടിലേക്ക് പോകും. നമ്മളെല്ലാവരും അഭിനേതാക്കളാണ് നമുക്കും ജ്ഞാനത്തിന്റെ അറിവുണ്ടായിരിക്കണം ഇപ്പോൾ ബാക്കി കുറച്ച് സമയമാണുള്ളത്. ബാബ വന്നിരിക്കുകയാണ് നമ്മൾ എല്ലാ ആത്മാക്കളെയും കൂട്ടികൊണ്ടേ പോകൂ. പക്ഷെ എപ്പോൾ കൂട്ടികൊണ്ട് പോകും, ഇത് പറഞ്ഞിട്ടില്ല എന്തുകൊണ്ടെന്നാൽ ഡ്രാമയാണല്ലോ. പെട്ടെന്ന് തന്നെ എല്ലാം സംഭവിച്ചുകൊണ്ടിരിക്കും. എത്ര സാധിക്കുമോ മറ്റുള്ളവർക്കും ഈ അറിവ് നൽകണം. അവർ ഇത്രയുമൊന്നും മനസ്സിലാക്കുകയില്ല ഇത് ശരിയാണെന്ന് - പക്ഷെ പറയുന്നവർ തീർച്ചയായും മനസ്സിലാക്കുന്നുണ്ട് അതുകൊണ്ടാണല്ലോ പറയുന്നത്. നിങ്ങൾ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം - പരിധിയുള്ള അച്ഛനിൽ നിന്ന് ജന്മ-ജന്മാന്തരം സമ്പത്ത് എടുത്തു വന്നു. ഇപ്പോൾ പരിധിയില്ലാത്ത അച്ഛനിൽ നിന്ന് സമ്പത്തെടുക്കൂ. അമ്പ് അവർക്ക് തറയ്ക്കും ആരാണോ കല്പം മുമ്പ് എടുത്തിട്ടുള്ളവർ. നിങ്ങൾ കുട്ടികൾ ഇടക്കിടക്ക് ഓർമ്മിക്കൂ ഇപ്പോൾ നമുക്ക് ശാന്തിധാം വീട്ടിലേക്ക് പോകണം. ഗവൺമെന്റിന്റെ സേവകർ 8 മണിക്കൂർ സർവ്വീസ് ചെയ്യുന്നു, നിങ്ങൾക്കും 8 മണിക്കൂർ വരെ ഈ ഓർമ്മയുടെ യാത്ര വർദ്ധിപ്പിക്കണം. അവസാനം നിങ്ങൾ 8 മണിക്കൂർ ഈ സേവനത്തിലിരിക്കും അപ്പോഴേ പൂർണ്ണമായ സമ്പത്ത് നേടൂ. എല്ലാവർക്കുമൊന്നും ചെയ്യാൻ സാധിക്കില്ല. വേണമെങ്കിൽ ചിലർ നന്നായി പുരുഷാർത്ഥം ചെയ്യും പക്ഷെ പിന്നീട് ക്ഷീണിച്ച് പോകുന്നു. ലക്ഷ്യം വളരെ ഉയർന്നതാണ്.

നിങ്ങൾ കുട്ടികൾക്കറിയാം ബാബക്ക് എല്ലാ ആത്മാക്കളെയും കൂട്ടികൊണ്ട് പോകണമെന്ന്. ഇടക്കിടക്ക് ഈ ബ്രഹ്മാവിനു പോലും ചിന്ത വരുന്നു ഇപ്പോൾ എല്ലാവരെയും തിരിച്ച് കൂട്ടികൊണ്ട് പോകണം. ബാബയുടെ സംസ്ക്കാരം ഇവരിൽ നിറഞ്ഞുകൊണ്ടിരിക്കുന്നു. ഇദ്ദേഹവും പുരുഷാർത്ഥിയാണ്. ഇപ്പോൾ കളി പൂർത്തിയാവുകയാണ്, എല്ലാവർക്കും തിരിച്ച് പോകണം, അഥവാ ഇതെങ്കിലും ചിലർ ഓർമ്മിക്കുകയാണ്, എങ്കിൽ ഇതിനെയാണ് പറയുന്നത് മൻമനാ ഭവ.

നിങ്ങൾ കുട്ടികൾ ഇപ്പോൾ സന്മുഖത്തിരിക്കുകയാണ്. സന്മുഖത്തിരുന്ന് കേൾക്കുന്നതിലൂടെ അച്ചടിച്ച പോലെയാകുന്നു. ഇടക്കിടക്ക് ഓർമ്മിച്ചുകൊണ്ടിരിക്കൂ ഇപ്പോൾ തിരിച്ച് പോകണം. മരിക്കുന്നതിന്റെ ഭയം ഇപ്പോൾ നിങ്ങളിൽ നിന്ന് പോയിരിക്കുന്നു. മരിക്കുന്നതിനൊരിക്കലും സങ്കോചപ്പെടുന്നില്ല. ദേഹീ അഭിമാനിയായി മാറണം. ദേഹീ അഭിമാനിക്ക് നന്നായി സേവനം ചെയ്യാൻ കഴിയും. ജ്ഞാനം പ്രയോഗ ത്തിൽ വരുത്തുന്ന ആത്മാവ് വേണം. പ്രദർശിനിയിൽ ധ്യാനിയുടെ സേവനമല്ല, ജ്ഞാനിയാണ് വേണ്ടത്. ജ്ഞാനീ തൂ ആത്മാവിനെ തന്നെയാണ് പ്രിയമായി തോന്നുന്നത്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാ വുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. പുതിയ രാജധാനിയുണ്ടാക്കുന്നതിന് വേണ്ടി സേവനത്തിൽ ബാബയുടെ സഹായിയായി മാറണം. മുള്ളുകളെ പുഷ്പങ്ങളാക്കി മാറ്റുന്നതിന്റെ സേവനം ചെയ്യണം.

2. കുറഞ്ഞത് 8 മണിക്കൂറെങ്കിലും ഓർമ്മയുടെ യാത്രയിലിരിക്കുന്നതിന്റെ അഭ്യാസം ചെയ്യണം. മരണത്തോട് സങ്കോചപ്പെടരുത്, എന്തുകൊണ്ടെന്നാൽ ബുദ്ധിയിലുണ്ടാവണം ''ഇപ്പോൾ വീട്ടിലേക്ക് പോകണം''.

## വരദാനം:-സ്വയത്തെ വിശേഷ പാർട്ട്ധാരിയാണെന്ന് മനസ്സിലാക്കി സാധാരണതയെ സമാപ്തമാക്കുന്ന പരമം അഥവാ ശ്രേഷ്ഠാത്മാവായി ഭവിക്കട്ടെ.

ബാബ പരമമായ ആത്മാവാണ് എന്നത് പോലെ വിശേഷ പാർട്ട് അഭിനയിക്കുന്ന കുട്ടികളും ഓരോ കാര്യത്തിലും പരമം അഥവാ ശ്രേഷ്ഠരാണ്. കേവലം നടക്കുമ്പോഴും കറങ്ങുമ്പോഴും, കഴിക്കുമ്പോഴും കുടിക്കുമ്പോഴും വിശേഷ പാർട്ട്ധാരിയെന്ന് മനസ്സിലാക്കി ഡ്രാമയുടെ സ്റ്റേജിൽ വേഷം അഭിനയിക്കൂ. എപ്പോഴും തന്റെ കർമ്മം അഥവാ പാർട്ടിൽ ശ്രദ്ധ വെക്കണം. വിശേഷ പാർട്ട്ധാരി ഒരിക്കലും അലസരായിരിക്കുകയില്ല. അഥവാ ഹീറോ പാർട്ട്ധാരി സാധാരണ വേഷം അഭിനയിച്ചാൽ എല്ലാവരും ചിരിക്കും, അതിനാൽ ഓരോ ചുവടും ഓരോ സങ്കൽപവും ഓരോ നിമിഷവും വിശേഷപ്പെട്ടതായിരിക്കണം, സാധാരണമാകരുത്.

## സ്ലോഗൻ:- വൃത്തിയെ ശക്തിശാലിയാക്കി മാറ്റൂ, എങ്കിൽ സേവയിൽ വൃദ്ധി സ്വതവേ ഉണ്ടാകും.

### മാതേശ്വരിജിയുടെ അമൂല്യ മഹാവാക്യങ്ങൾ

### ''നിരന്തരം ഓർമ്മ അഥവാ തുടർച്ചയായ ഓർമ്മയുണ്ടായിരിക്കണം''

നോക്കൂ, പരമാത്മാവിന്റെ ആജ്ഞയാണ് നിരന്തരം എന്നെ ഓർമ്മിക്കൂ എന്ന്. ഇപ്പോൾ നിരന്തരം എന്ന വാക്കിന്റെയും രഹസ്യവും അറിയേണ്ടതുണ്ട്. നിരന്തരം എന്ന് അതിനെയാണ് പറയുക ഏതിലാണോ ഒരു വ്യത്യാസവുമില്ലാതെ നിരന്തരം യോഗം ഉള്ളത്, ഏതിലാണോ ഖണ്ഡനം ഇല്ലാത്തത്, അതിനെ അഖണ്ഡമായ യോഗം എന്നും പറയാം. ഇപ്പോൾ പരമാത്മാവ് പ്രതിജ്ഞ ചെയ്യുന്നു, നിങ്ങൾ എന്നെ നിരന്തരം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ ചെയ്തുപോയ വികർമ്മങ്ങളെ ഭസ്മമാക്കും. അതിനാൽ ഈ ജ്ഞാനാഗ്നിയിൽ വികർമ്മങ്ങൾ ഭസ്മമാകുന്നു, ശിക്ഷകൾ മുഖേന വികർമ്മങ്ങളെ വിനാശം ചെയ്യിപ്പിക്കാൻ കഴിയുന്ന ഈ ബാബ ധർമ്മരാജനുമാണ്, അതിനാൽ ബാബയുടെ കൈവശം സ്നേഹത്തിന്റെയും ഏതെങ്കിലും ഉപായം ഉണ്ടാകും. അതിനാൽ ആര് പ്രായോഗികമായി ബാബയുടെ കുട്ടികളായോ, അവർക്ക് പിന്നെ ഈ ആജ്ഞ നൽകുന്നു, ഹേ കുട്ടികളേ-മൻമനാഭവ, നിരന്തരം എന്നെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ വികർമ്മാജീത്താകും, ധർമ്മരാജന്റെ ശിക്ഷകളിൽ നിന്ന് രക്ഷപ്പെടും. പരമാത്മാവിന്റെ വശം വികർമ്മളെ വിനാശം ചെയ്യിപ്പിക്കുന്നതിന് രണ്ട് ഉപായങ്ങളുണ്ട്- ഒന്നാണ് ശിക്ഷകളിലൂടെ പവിത്രമാക്കി മാറ്റുന്ന രീതി, മറ്റൊന്ന് യോഗം ചെയ്യുന്നതിലൂടെ പവിത്രമാകുന്ന രീതി, അതിലൂടെ പാപങ്ങൾ വിനാശമാകുകയും ജീവന്മുക്തി പദവി പ്രാപ്തമാകുകയും ചെയ്യുന്നു. ദു:ഖത്തിന്റെ ഈ പോക്കുവരവിൽ നിന്ന് മുക്തമാകുന്നതിന് വേണ്ടി പരമാത്മാവിന്റെ ഓർമ്മയല്ലാതെ വേറെ ഒരു ഉപായവും തന്നെയില്ല. ഓം ശാന്തി.